# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 964 — 11.07.2016-ൽ മറുപടിക്ക്

## വീടില്ലാത്തവർക്ക് വീട് നിർമ്മാണത്തിന് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. കെ. വിജയൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്വന്തമായി വീടില്ലാത്തവർക്ക് വീട് നിർമ്മാണത്തിന് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) ഭൂരഹിതരായ ബി.പി.എൽ വിഭാഗത്തിലുള്ള 75,000 കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ടുമെന്റുകളും ഭൂമി സ്വന്തമായുള്ള ബി.പി.എൽ/താഴ്ന്ന വരുമാന വിഭാഗത്തിലുള്ള 75,000 കുടുംബങ്ങൾക്കായി പലിശ സബ്സിഡി നൽകുന്ന ഭവന വായ്പകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പദ്ധതി പ്രകാരം 22,000 വീടുകളും അനുവദിക്കുന്ന "എല്ലാവർക്കും വീട്" പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br>എല്ലാവർക്കും വീട് പദ്ധതിയുടെ ഒന്നാംഘട്ടം സംസ്ഥാനത്ത് നടപ്പാക്കുന്നതിന് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തുകയും ഇതിന്റെ ഭാഗമായി ഭൂമി സ്വന്തമായുള്ള ബി.പി.എൽ. വിഭാഗത്തിലു ള്ളവർക്ക് 7000 വീടുകൾ നിർമ്മിച്ചു നൽകുവാൻ ഉദ്ദേശിക്കുന്നു. ഇതിന് ആവശ്യമായ റവന്യൂ സമാഹരണം 2015-2016 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ചുമത്തിയിട്ടുള്ള ഒരു രൂപ അധിക വില്പന നികുതിയുടെ 50%-ൽ നിന്നുമായിരിക്കും. ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വീടുകളുടെ യൂണിറ്റ് കോസ്റ്റ് 3.25 ലക്ഷം രൂപ സർക്കാർ സഹായവും, 35000 രൂപ കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതവും ചേർത്ത് 3.60 ലക്ഷം രൂപയാണ്. |

സെക്ഷൻ ഓഫീസർ